പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *318 22.08.2017-ൽ മറുപടിക്ക്

## കേരളത്തെ ഇകഴ്ത്തിക്കാട്ടാനുള്ള ശ്രമത്തിനെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ്<br>ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. പി. വി. അൻവർ<br>ശ്രീ. കെ. ബാബു | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) ദേശീയ മാധ്യമങ്ങളെ തെറ്റിധരിപ്പിച്ചും അല്ലാതെയും കേരളത്തെ ഇകഴ്ത്തിക്കാട്ടാനുള്ള വർഗീയ ശക്തികളുടെ ശ്രമം തുറന്നു കാട്ടുന്നതിനും ദേശീയ-അന്തർദേശീയ മാധ്യമങ്ങളുടെ ശ്രദ്ധയിൽ യഥാർത്ഥ വസ്തുത കൊണ്ടുവന്ന് സംസ്ഥാനത്തിന്റെ യശസ്സ് ഉയർത്തുന്നതിനും സർക്കാർ ശ്രമം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്.<br><br>കേരളത്തെ ഇകഴ്ത്തി കാട്ടാനുള്ള ശ്രമങ്ങളെ ചെറുക്കണമെന്ന സർവ്വകക്ഷി യോഗത്തിലെ നിർദ്ദേശം കൂടി കണക്കിലെടുത്ത് ദേശീയ അന്തർദേശീയതലത്തിൽ സംസ്ഥാന സർക്കാരിന്റെ യശസ്സ് ഉയർത്തുന്നതിനും തദ്വാര സംസ്ഥാനത്തേയ്ക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനുമായി സർക്കാരിന്റെ ഭരണനേട്ടങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന "കേരള നമ്പർ 1" എന്ന പരസ്യം പ്രമുഖ ഇംഗ്ലീഷ് പത്രങ്ങളായ ടൈംസ് ഓഫ് ഇൻഡ്യ, ഹിന്ദുസ്ഥാൻ ടൈംസ്, ഇൻഡ്യൻ എക്സ്പ്രസ്സ്, ദി ഹിന്ദു എന്നിവയുടെ ഡൽഹി എഡിഷനുകളിലും പ്രമുഖ ഹിന്ദി പത്രങ്ങളായ ദൈനിക്ക് ഭാസ്കർ, ദൈനിക്ക് ജാഗരൺ, നവ ഭാരത് ടൈംസ് എന്നിവയുടെ ഡൽഹി എഡിഷനുകളിലും ഫുൾ പേജിലായി നല്കിയിട്ടുണ്ട്. |
| (ബി) സാമുദായിക ധ്രുവീകരണത്തിനായി ചില പ്രതിലോമ ശക്തികൾ നടത്തുന്ന ശ്രമങ്ങളെ ജനകീയ പങ്കാളിത്തത്തോടെ കർശനമായി | (ബി) ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽ പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. |

അടിച്ചമർത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; പോലീസിൽ ആർ.എസ്.എസ്. - സംഘപരിവാർ പരിശീലനം നേടിയവരുണ്ടെന്ന ബി.ജെ.പി. നേതാവിന്റെ പ്രസ്താവന കണക്കിലെടുത്ത് അന്വേഷണം നടത്തി തുടർനടപടിയെടുക്കുമോ;

(സി) 2500 രൂപയിൽ കൂടുതൽ പണമായി ഫണ്ട് ശേഖരിക്കരുതെന്ന നിയമത്തിന് വിരുദ്ധമായി ആർ.എസ്.എസ്. സംസ്ഥാനത്തു നിന്ന് 500 കോടി രൂപ സമാഹരിക്കുന്നുവെന്നും ജനപ്രതിനിധികളെ നേടാനായി ബി.ജെ.പി. 700 കോടി രൂപ സമാഹരിക്കുന്നുവെന്നുമുള്ള വാർത്തയുടെ അടിസ്ഥാനത്തിൽ ഇന്റലിജൻസ് നിരീക്ഷണം ശക്തമാക്കാൻ നടപടിയെടുക്കുമോ; അതോടൊപ്പം സംഘടിത ആക്രമണത്തിന് പരിശീലനം നൽകുന്ന കേന്ദ്രങ്ങൾക്ക് പോലീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി കർശന നിയന്ത്രണം എർപ്പെടുത്തുമോ;

(സി) സംസ്ഥാന പോലീസ് വിഭാഗം ഇക്കാര്യങ്ങൾ പരിശോധിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഫസൽ വധക്കേസിലെ യഥാർത്ഥ പ്രതികളെ സംരക്ഷിക്കാനും നിരപരാധികളെന്ന് കൊലയാളി സംഘം വെളിപ്പെടുത്തിയ പൊതുപ്രവർത്തകരെ കേസിൽപ്പെടുത്താനുമുള്ള ശ്രമം നിയമപരമായി നേരിടാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

(സി) നിരപരാധികളെ കേസ്സിൽപ്പെടുത്താനുള്ള ശ്രമം അനുവദിക്കുന്നതല്ല.

സെക്ഷൻ ഓഫീസർ